ഡിസംബർ-ജനുവരി 2016

# കോർപ്പറേറ്റ് ന്യൂസ്

എച്ച്എൽഎൽ വാർത്താപ്പത്രിക

# സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 58 മിടുക്കരായ കുട്ടികൾക്ക് എച്ച്എൽഎൽ പ്രതീക്ഷ സ്കോളർഷിപ്പ്




സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു സാഹചര്യമൊരുക്കുകയെന്ന ലക്ഷ്യത്തോടെ എച്ച്എൽഎൽ ജീവനക്കാരുടെ സന്നദ്ധ സംഘടനയായ പ്രതീക്ഷാ ചാരിറ്റബിൾ സൊസൈറ്റി നൽകുന്ന സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. ഡിസംബർ 28 നു പേരൂർക്കട ഫാക്ടറിയിലെ സർഗം ഹാളിൽ നടന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി ശ്രീ ജിജി തോംസൺ തലസ്ഥാനത്തെ 33 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി. എച്ച്എൽഎല്ലിന്റെ ഫാക്ടറി സ്ഥിതിചെയ്യുന്ന കർണാടകയിലെ കനഗല ഗ്രാമത്തിലെ 25 വിദ്യാർത്ഥികൾക്കും പ്രതീക്ഷയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

സമൂഹത്തോടുള്ള കടപ്പാട് പൂർത്തിയാകുമ്പോഴാണ് മനുഷ്യജീവിതം സാർത്ഥകമാകുന്നതെന്നും വിദ്യാർത്ഥികൾ അച്ചടക്കം, ദൃഢനിശ്ചയം, ആത്മസമർപ്പണം എന്നീ മൂല്യങ്ങൾ കൈവിടാതെ ജീവിക്കുകയും,സമൂഹത്തിനും രാജ്യത്തിനും വേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യണമെന്നും ചീഫ് സെക്രട്ടറി പറഞ്ഞു. തൊട്ടതെല്ലാം പൊന്നാക്കുന്ന വ്യക്തിയാണ് എച്ച്എൽഎൽ സിഎംഡി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജീവനക്കാരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രതീക്ഷ പദ്ധതി അഭിനന്ദനാർഹമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സമൂഹത്തെ അവഗണിച്ചുകൊണ്ട് ഒരു വ്യവസായശാലയ്ക്കും പ്രവർത്തിക്കാനാവില്ലെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന എച്ച്എൽഎൽ സിഎംഡി ഡോ.എം അയ്യപ്പൻ പറഞ്ഞു. സാധാരണ ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും ഗുണമേന്മയേറിയ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുകയാണ് എച്ച്എൽഎല്ലിന്റെ ആത്യന്തിക ലക്ഷ്യമെന്നും സമർത്ഥരായ വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകാനായതിൽ ചാരിതാർത്ഥ്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിപിഎൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ മെഡിക്കൽ, എൻജിനീയറിംഗ്, നഴ്സിംഗ്, ബിഫാം, ഡിപ്ലോമ, ഐടിഐ എന്നീ കോഴ്സുകൾ പഠിക്കുന്നതിനുള്ള സഹായമാണ് വിതരണം ചെയ്തത്. 220ൽപരം അപേക്ഷകളിൽ നിന്നായി 58 പേരെയാണ് ഈ വർഷം തിരഞ്ഞെടുത്തത്. പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ 2014ൽ 30 നിർധന വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകിയിരുന്നു.

എച്ച്എൽഎൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ. കെ.ആർഎസ് കൃഷ്ണൻ, എച്ച്ആർ സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ പി.ശ്രീകുമാർ, അസോസിയേറ്റ് വൈസ് പ്രസിഡന്റ് (എച്ച്ആർ) ശ്രീമതി സരസ്വതി ദേവി എന്നിവർ സ്കോളർഷിപ്പ് വിതരണ ചടങ്ങിൽ പങ്കെടുത്തു.

# ഉത്തരവാദിത്വബോധം പ്രവർത്തനമികവിന് അനിവാര്യം: സിഎംഡി




തിരുവനന്തപുരത്ത് സംഘടിപ്പിച്ച വാർഷിക ശില്പശാല എച്ച്എൽഎൽ സിഎംഡി ഡോ. എം അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർമാരായ ശ്രീ. ആർ.പി. ഖണ്ടേൽവാൾ, ഡോ. കെ.ആർ.എസ്. കൃഷ്ണൻ, ഡോ. ബാബു തോമസ്, എച്ച് ആർ സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ.പി. ശ്രീകുമാർ എന്നിവർ സമീപം.

വ്യക്തിപരവും തൊഴിൽപരവുമായ മികവിന് ഉത്തരവാദിത്വബോധം അടിസ്ഥാന ഘടകമാണെന്നും ഏറ്റെടുക്കുന്ന ഏത് പ്രവൃത്തിയിലും പൂർണ്ണമായ ആത്മ സമർപ്പണം ചെയ്യണമെന്നും തിരുവനന്തപുരത്ത് സംഘടിപ്പിച്ച വാർഷിക ശില്പശാല ഉത്ഘാടനം ചെയ്തുകൊണ്ട് സിഎംഡി ഡോ. എം. അയ്യപ്പൻ പറഞ്ഞു.

പുതിയ വർഷത്തിലേക്കുള്ള ലക്ഷ്യങ്ങൾ തിട്ടപ്പെടുത്താനും അതിലേക്കുള്ള കർമ്മപദ്ധതി തയ്യാറാക്കാനുമായാണ് എച്ച്എൽഎൽ വാർഷിക സമ്മേളനം സംഘടിപ്പിക്കുന്നത്. 'അക്കൗബിൾ ഫോർ പെർഫോമൻസ് ' (സ്വന്തം പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുക) എന്നതാണ് ഈ വർഷത്തെ പ്രമേയം. വിവിധ യൂണിറ്റുകളിൽ നിന്നും എച്ച്എൽഎൽ അനുബന്ധ കമ്പനികളിൽ നിന്നുമുള്ള 93 പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

"ജീവിതം ഓരോരുത്തരും സ്വയം പൂർത്തീകരിക്കേണ്ട ഒരു വലിയ പദ്ധതിയാണ്. അതിനാൽ എടുക്കുന്ന ഓരോ തീരുമാനത്തിന്റേയും ചെയ്യുന്ന ഓരോ പ്രവൃത്തിയുടേയും ഉത്തരവാദിത്വം അവരവർക്ക് മാത്രമാണ് " സിഎംഡി പറഞ്ഞു.

"ഇന്ത്യൻ ത്രിവർണ്ണ പതാക നാട്ടാൻ സാധിച്ചില്ലെങ്കിൽ, അതിൽ പൊതിഞ്ഞാകും താൻ തിരിച്ചു വരിക" യെന്ന കാർഗിൽ രക്തസാക്ഷി വിക്രം ബത്ത്രയുടെ വാക്കുകൾ അദ്ദേഹം ഓർമ്മിപ്പിച്ചു.

ഏറ്റവും മികച്ച ഉത്പന്നങ്ങളും സേവനങ്ങളും ഏറ്റവും കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക എന്നതാണ് എച്ച്എൽഎല്ലിന്റെ അടിസ്ഥാന ലക്ഷ്യം. ആ ലക്ഷ്യത്തിനായി നമ്മൾ ഓരോരുത്തരും നിലകൊള്ളണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പ്രതീക്ഷിച്ചതിലും അപ്പുറമാണ് എച്ച്എൽഎല്ലിന്റെ വളർച്ച. ഇപ്പോഴുള്ള 7 അനുബന്ധ കമ്പനികൾ ഉടൻ തന്നെ 9 ആകുമെന്നും സമീപ കാലത്ത് തന്നെ 15-20 എന്ന നിലയിലേക്ക് ഉയരുമെന്നും അദ്ദേഹം പറഞ്ഞു.

2015-2016 ലെ നേട്ടങ്ങളും പുതിയ വർഷത്തിലേക്കുള്ള ലക്ഷ്യങ്ങളും ചർച്ച ചെയ്യപ്പെട്ടു. 2015 ലെ മികച്ച ഓഫീസറായി ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ & കോ-ഓർഡിനേഷൻ) ശ്രീ. ഇ.പരമേശ്വരൻ നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു.

എച്ച്എൽഎൽ ഡയറക്ടർമാരായ ഡോ. കെ.ആർ.എസ്. കൃഷ്ണൻ, ഡോ. ബാബു തോമസ്, ശ്രീ. ആർ.പി. ഖണ്ടേൽവാൾ, എച്ച് ആർ സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ.പി.ശീകുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# മുംബൈയിൽ 500 ഡ്രൈവർമാർക്കിടയിൽ സൗജന്യ എച്ച്ഐവി പരിശോധന

ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി എച്ച്എൽഎൽ മുംബൈയിൽ എയ്ഡ്സ് രോഗനിർണയ ക്യാമ്പ് സംഘടിപ്പിക്കുകയും ഗർഭനിരോധന ഉറകൾക്കായി 'വെൻഡിഗോ' വെൻഡിംഗ് മെഷീൻ സ്ഥാപിക്കുകയും ചെയ്തു.

ക്യാമ്പിലെ സേവനം അഞ്ഞൂറോളം പേർ പ്രയോജനപ്പെടുത്തി. എച്ച്എൽഎൽ അടുത്തിടെ മുംബൈയിൽ ആരംഭിച്ച റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിൽ പനവേലിക്കടുത്തുള്ള കലമ്പോളി സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ ട്രക്ക് ടെർമിനലിലായിരുന്നു ക്യാമ്പ് സംഘടിപ്പിച്ചത്. സാമൂഹ്യ പ്രവർത്തകനും മുൻ എംഎൽഎയുമായ ശ്രീ. പ്രശാന്ത് താക്കുർ 'വെൻഡിഗോ' ഉദ്ഘാടനം ചെയ്തു.



കലമ്പോളിയിൽ സ്ഥാപിച്ച കോണ്ടം വെൻഡിങ് മെഷീൻ സാമൂഹ്യ പ്രവർത്തകനും മുൻ എംഎൽഎയുമായ ശ്രീ പ്രശാന്ത് താക്കുർ ഉദ്ഘാടനം ചെയ്യുന്നു.

ട്രക്ക് ഡ്രൈവർമാരിലും കുടിയേറ്റ തൊഴിലാളികളിലുമാണ് എച്ച്ഐവി പകരുന്നതിന് കൂടുതൽ സാധ്യതയെന്ന് ചില പഠനങ്ങൾ ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലാണ് എച്ച്എൽഎൽ കലമ്പോളിയിൽ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുകയും ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തത്. കലമ്പോളിയിലൂടെ ദിവസേന 1000 ട്രക്കുകൾ കടന്നു പോകുന്നുണ്ട്. കൂടാതെ സ്റ്റീൽ മാർക്കറ്റിനടുത്ത് നാനൂറോളം ട്രക്കുകൾ സാധാരണ നിർത്തിയിടാറുമുണ്ട്.

## ഒറ്റനോട്ടത്തിൽ




**എച്ച്എൽഎല്ലിന് കാപ്പക്സിൽ എക്സ്പോർട്ട് അവാർഡ്:**
ജനുവരി 28ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി ശ്രീ കൽരാജ് മിശ്ര, കാപ്പക്സിൽ ചെയർമാൻ ശ്രീ രമേഷ് കെ മിത്തൽ എന്നിവരിൽ നിന്നും എച്ച്എൽഎൽ മാർക്കറ്റിംഗ് ഡയറക്ടർ ഡോ. ബാബു തോമസ്, പുരസ്കാരം ഏറ്റുവാങ്ങുന്നു.



ജനുവരി 14ന് മുംബൈയിൽ നടന്ന എച്ച്എൽഎൽ പാർട്ട്നേഴ്സ് മീറ്റ് സിഎംഡി ഡോ.എം.അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു.



ആക്കുളം ഫാക്ടറിക്ക് ലഭിച്ച ഊർജ്ജ സംരക്ഷണ പുരസ്കാരം ഊർജ്ജ വകുപ്പു മന്ത്രി ശ്രീ. ആരാടൻ മുഹമ്മദിൽ നിന്നും എച്ച്എൽഎൽ ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ് ഡയറക്ടർ ഡോ. കെ.ആർഎസ് കൃഷ്ണൻ ഏറ്റുവാങ്ങുന്നു.



ജനുവരി 4ന് നടന്ന ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങൾ സിഎംഡി ഡോ.എം അയ്യപ്പൻ കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു.

# എച്ച്എൽഎൽ കുടുംബത്തിലേക്ക് 46 മാനേജ്മെന്റ് ട്രെയിനികൾ



മാനേജ്മെന്റ് ട്രെയിനീസ് പരിശീലന പരിപാടി എച്ച്എൽഎൽ സിഎംഡി ഡോ. എം അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർമാരായ ശ്രീ. ആർ.പി. ഖണ്ടേൽവാൾ, ഡോ. കെ.ആർ.എസ്. കൃഷ്ണൻ, ഡോ. ബാബു തോമസ്, എച്ച് ആർ സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ.പി. ശ്രീകുമാർ എന്നിവർ സമീപം.

പുതിയ 46 മാനേജ്മെന്റ് ട്രെയിനികൾ എച്ച്എൽഎൽ കുടുബത്തിലെ അംഗങ്ങളായി.ഡിസംബർ 21ന് എച്ച് ആർ വിഭാഗം സംഘടിപ്പിച്ച 'മാനേജ്മെന്റ് ട്രെയിനീസ് 2016' പരിശീലന പരിപാടി എച്ച്എൽഎൽ സിഎംഡി ഡോ. എം. അയ്യപ്പൻ ഉത്ഘാടനം ചെയ്തു.

പുതുതായി ജോലിയിൽ പ്രവേശിച്ച മാനേജ്മെന്റ് ട്രെയിനികളെ ' പ്രിയ വിദ്യാർത്ഥികൾ' എന്നാണ് സിഎംഡി വിശേഷിപ്പിച്ചത്. ഉത്സാഹത്തോടും ഉണർവ്വോടും കൂടി പുതിയ ലോകത്തിലേക്ക് കടക്കാൻ മാനേജ്മെന്റ് ട്രെയിനികളോട് സിഎംഡി ആഹ്വാനം ചെയ്തു.

"മൂല്യങ്ങളാണ് എച്ച്എൽഎല്ലിന്റെ പിൻബലം. ഏത് സാങ്കതിക വിദ്യയും ഉൽപ്പന്നവും മറ്റു കമ്പനികൾക്ക് അനുകരിക്കാനാവും. എന്നാൽ കമ്പനിയുടെ സംസ്കാരവും മൂല്യാധിഷ്ഠിതമായ പ്രവർത്തനവും ആർക്കും അനുകരിക്കാനാവില്ല.അതിനാൽ മൂല്യങ്ങൾ കൈ വിടാതെ പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കഴിവിന്റെ മാനദണ്ഡത്തിലാണ് ഓരോ മാനേജ്മെന്റ് ട്രെയിനിയും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 18,768 അപേക്ഷകരിൽ നിന്നും എഴുത്തു പരീക്ഷകളിലൂടെയും നിരവധി അഭിമുഖങ്ങളിലൂടെയുമാണ് ഓരോ മാനേജ്മെന്റ് ട്രെയിനിയും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്." സിഎംഡി പറഞ്ഞു.

സമൂഹത്തിൽ വ്യത്യസ്തത കൊണ്ടു വരാൻ എപ്പോഴും ശ്രമിക്കാറുള്ള കമ്പനിയാണ് എച്ച്എൽഎൽ.കുറഞ്ഞ വിലയിൽ ഏറ്റവും മികച്ച സേവനങ്ങൾ ലഭ്യമാക്കുക എന്ന തത്വത്തിലാണ് എച്ച്എൽഎൽ പ്രവർത്തിക്കുന്നത്. ജനങ്ങളുടെ ക്ഷേമത്തിനു വില കൊടുക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ തയ്യാറായിരിക്കുക.ഉപഭോക്താക്കളുടെ വക്താക്കളാവണമെന്നും അവർക്ക് വേണ്ടി ചിന്തിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹംപറഞ്ഞു.

സർക്കാർ സ്ഥാപനങ്ങളിൽ, ജോലി ചെയ്യാതിരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നാണ് പലരുടേയും ധാരണ. എന്നാൽ സർക്കാർ സ്ഥാപനമെന്നാൽ, നമുക്ക് ചെയ്യാൻ ആഗ്രഹമുള്ള ജോലികൾ ചെയ്യാൻ സ്വാതന്ത്ര്യമുള്ള ഇടമാണെന്നാണ് അർത്ഥം. 99% വിശ്വാസ്യത എന്നൊന്നില്ല. ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ 100% വിശ്വാസ്യത പുലർത്തണം. പരിപൂർണതയോടുള്ള അഭിനിവേശമാണ് മികവ്. മറ്റുള്ളവർ ചിന്തിക്കാത്തത് ചിന്തിക്കാൻ കഴിയണം. ഒരുമിച്ച് പ്രവർത്തിച്ചു തുടങ്ങുമ്പോൾ, കമ്പനിയുടെ ഉള്ളിൽ ഒരു കൂട്ടായ പ്രവർത്തനത്തിന്റെ സംസ്കാരം രൂപപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രൊഫ.ചന്ദ്രശേഖർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കേരള, എച്ച്എൽഎൽ ഡയറക് ടർമാരായ ഡോ. കെ.ആർ.എസ്. കൃഷ്ണൻ (ടെക്നിക്കൽ & ഓപ്പറേഷൻസ്), ഡോ. ബാബു തോമസ് ( മാർക്കെറ്റിംഗ്), ശ്രീ. ആർ.പി. ഖണ്ടേൽവാൾ (ഫിനാൻസ്), എച്ച്എൽഎൽ എച്ച് ആർ സീനിയർ വൈസ് പ്രസിഡന്റും കമ്പനി സെക്രട്ടറിയുമായ ശ്രീ.പി. ശ്രീകുമാർ, അസോസിയേറ്റ് വൈസ് പ്രസിഡന്റ് ( എച്ച് ആർ ) ശ്രീമതി. സരസ്വതി ദേവി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.